**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 545** **08-10-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിലെ കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ കരാർ നിയമനങ്ങൾ നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം 6 മാസത്തിലധികം പ്രസ്തുത നിയമനങ്ങൾ സാധ്യമാണോ; | (എ) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയെ തുടർന്ന് 15.07.2024-ലെ സ.ഉ(കൈ) നം.42/2024/നികുതി ഉത്തരവ് പ്രകാരം വകുപ്പിലെ ടാക്സ് റിസർച്ച് & പോളിസി സെൽ വിഭാഗത്തിൽ സീനിയർ ഡാറ്റാ അനലിസ്റ്റ്/സീനിയർ സയന്റിസ്റ്റ് (3തസ്തികകൾ), ഡാറ്റ അനലിസ്റ്റ്/ സയന്റിസ്റ്റ് (3തസ്തികകൾ) എന്നിവയിലും ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സ് വിഭാഗത്തിൽ സീനിയർ ഇൻവെസ്റ്റിഗേറ്റർ (3തസ്തികകൾ) തസ്തികയിലും നിയമനം നടത്തുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സീനിയർ ഡാറ്റാ അനലിസ്റ്റ്/സീനിയർ സയന്റിസ്റ്റ്, ഡാറ്റാ അനലിസ്റ്റ്/ സയന്റിസ്റ്റ് തസ്തികകളിൽ, വിരമിച്ച ഉദ്യോഗസ്ഥർ/ സ്വകാര്യ ഉദ്യോഗസ്ഥർ എന്നിവരെ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എന്നീ മാർഗ്ഗങ്ങളിലൂടെയും സീനിയർ ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ യോഗ്യരായ വിരമിച്ച ഉദ്യോഗസ്ഥരെ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എന്നീ മാർഗ്ഗങ്ങളിലൂടെയും നിയമനം നടത്തണമെന്നാണ് ഉത്തരവായിട്ടുള്ളത്. |
| (ബി) | ജി.എസ്.ടി. ഇന്റലിജൻസിന്റെ തലപ്പത്ത് കരാർ നിയമനം നടത്തിയാലുണ്ടാകുന്ന ദൂഷ്യവശങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇത് സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമാണോ; വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായാണ് ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട സീനിയർ ഇൻവെസ്റ്റിഗേറ്റർ (3 തസ്തികകൾ) തസ്തികയിൽ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ യോഗ്യരായ വിരമിച്ച ഉദ്യോഗസ്ഥരെയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരെയോ |

| | | | |
|---|---|---|---|
| | | | നിയമിക്കണമെന്ന് ഉത്തരവായിട്ടുള്ളത്. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇതിലൂടെ നികുതിച്ചോർച്ച തടയുന്നതിനും നികുതിപിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത തസ്തികകൾക്ക് അനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ